# “നീ ദൈവരാജ്യത്തോട് അകന്നവനല്ല”[1]

## മർക്കൊ. 12:28- 34

അത് ക്രിസ്തുവിന്റെ ഭൗമിക ശുശ്രൂഷയുടെ അവസാന ആഴ്ച്ചയായ ചൊവ്വാഴ്ച്ച, ചോദ്യങ്ങളുടെ വലിയ ദിവസമായിരുന്നു.[2] അവന്റെ ശത്രുക്കൾ അവനെ കുടുക്കേണ്ടതിന്, ചോദ്യങ്ങൾ ഓരോന്നോരോന്നായി ചോദിച്ചുകൊണ്ടിരുന്നു. അന്ന് അവന്റെ എതിരാളികൾ ചോദിച്ച അവസാന ചോദ്യത്തെ കുറിച്ചുള്ളതാണ് ഈ പ്രസംഗം.

കർത്താവിനെ കുടുക്കുവാനായി ചോദിച്ചതിന്റെ പിന്നിൽ പരീശന്മാരായിരുന്നു എന്ന് മത്തായിയുടെ വിവരണം വ്യക്തമാക്കുന്നു (മത്തായി 22:34 –40). ഒരു ചോദ്യത്തിനു ശേഷം മറ്റൊന്ന് എന്ത് ചോദിക്കണമെന്ന് അവർ കൂടി ആലോചിക്കുന്നത് എനിക്കു ഊഹിക്കുവാൻ കഴിയും. ചോദ്യം കിട്ടിയപ്പോൾ പിന്നെ ആർ ചോദിക്കും എന്നതായി അടുത്ത അന്വേഷണം. യെരുശലേമിലെ എരിവുള്ള ഒരു ശാസ്ത്രിയെ എനിക്ക് കാണാം. നമുക്ക് “അയാൾ തന്നെയാണ് പറ്റിയ ആൾ, ചോദ്യം ചോദിക്കുവാൻ അയാളെ തന്നെ ആക്കാം” എന്ന് മറ്റുള്ളവർ പറഞ്ഞു കാണും.[3] യേശു മുൻപ് സദൂക്യരോട് ഉത്തരം പറഞ്ഞപ്പോൾ അയാൾ സംപ്രീതനായ കാര്യം അവർ അറിഞ്ഞിരിക്കയില്ല (മർക്കൊസ് 12:28; ലൂക്കൊസ് 20:39).

### ദൈവരാജ്യത്തിൽനിന്നും അകന്നവനല്ല - പിന്നെ

#### ശാസ്ത്രിയുടെ ചോദ്യം

മർക്കൊസിന്റെ വിവരണത്തിൽ ആ മനുഷ്യന് ഒരു പ്രത്യേക ഗുണമുള്ളതായി വെളിപ്പെടുത്തുന്നുണ്ട് - ക്രിസ്തു കല്പിച്ചതായ ഒരു ഗുണം. “ശാസ്ത്രിമാരിൽ ഒരുവൻ അടുത്ത് വന്നു അവർ തമ്മിൽ തർക്കിക്കുന്നതു കേട്ടു നല്ലവണ്ണം ഉത്തരം പറഞ്ഞ പ്രകാരം ബോധിച്ചിട്ടു ‘എല്ലാറ്റിലും മുഖ്യ കല്പന ഏത് എന്ന് അവനോടു ചോദിച്ചു?’” (മർക്കൊസ് 12:28).

റബ്ബിമാർ പഴയനിയമത്തിലെ കല്പനകൾ എണ്ണി 613 ആയി തിട്ടപ്പെടുത്തിയിരിക്കുന്നു. അവയിൽ അഞ്ചിൽ മൂന്നു ഭാഗം നിഷേധവും അഞ്ചിൽ രണ്ടു ഭാഗം ക്രിയാത്മകവുമായിരുന്നു. അവ എല്ലാം ഓർമ്മിക്കുക പ്രയാസമായതുകൊണ്ട് മുഖ്യമായവ ഓർക്കുകയും മറ്റുള്ളവ അതുമായി ബന്ധിപ്പിക്കയുമാണ് ചെയ്തിരുന്നത്. അതു വെച്ചുകൊണ്ടായിരുന്നു അവർ തെറ്റും ശരിയും വിവേചിച്ചിരുന്നത്. അതുകൊണ്ട് അവർ “ഏറ്റവും മുഖ്യമായ കല്പന ഏത്?” എന്ന ചോദ്യവുമായി വന്നു.

#### യേശുവിന്റെ ഉത്തരം

ആ ചോദ്യത്തെ യേശു നേരത്തെ കൈകാര്യം ചെയ്തിട്ടുണ്ട് (ലൂക്കൊസ് 10:25–28) - ആ ഉത്തരം മാറിയിട്ടില്ല. അവൻ പറഞ്ഞു, “എല്ലാറ്റിലും മുഖ്യ

കല്പനയോ, യിസ്രായേലേ കേൾക്ക, നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ്. നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും, പൂർണ്ണാത്മാവോടും, പൂർണ്ണമനസോടും, പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കേണം എന്നാകുന്നു (മർക്കൊസ് 12:29, 30). ക്രിസ്തു ആവർത്ത നപുസ്തകം 6:4, 5 ആണ് ഉദ്ധരിച്ചത്.

ഏറ്റവും മുഖ്യമായ രണ്ടാമത്തെ കല്പന ഏതെന്ന് ചോദ്യകർത്താവ് ചോദിച്ചില്ല എങ്കിലും, യേശു അതും പറഞ്ഞു: "രണ്ടാമത്തേത്, 'നിന്റെ അയൽക്കാരനെ നിന്നെപോലെ സ്നേഹിക്കുക എന്നതാണ്'" (മർക്കൊസ് 12:31). ഈ ഉദ്ധരണി ലേവ്യാപുസ്തകം 19:18-ൽ നിന്നാണ്. കർത്താവ് പറ ഞ്ഞവസാനിപ്പിക്കുന്നു, ''ഇതിനേക്കാൾ വലിയ കല്പന മറ്റൊന്നില്ല'' (മർക്കൊസ് 12:31).

### ശാസ്ത്രിയുടെ പ്രതികരണം

യേശുവിന്റെ ഉത്തരത്തെ തുടർന്നുള്ള ഇടകലർത്തലിന്മേൽ നാം ശ്രദ്ധി ക്കണം. ഇതുവരെ, ആ ചൊവ്വാഴ്ച്ച തന്റെ ശത്രുക്കളുടെ ചോദ്യങ്ങൾക്ക് കർത്താവ് ഉത്തരം പറഞ്ഞപ്പോൾ, അവന്റെ ശത്രുക്കൾ ഒന്നുകിൽ നിശ ബ്ദരാകുകയോ അല്ലെങ്കിൽ പ്രതിരോധിക്കുകയോ ആണ് ചെയ്തിരുന്നത്. ഈ ചോദ്യം ചോദിച്ച മനുഷ്യൻ ഇതു രണ്ടും ചെയ്തില്ല:

> ശാസ്ത്രി അവനോട്, "ഗുരോ, നീ പറഞ്ഞത് സത്യം തന്നെ. ഏകനേയുള്ളു; അവനല്ലാതെ മറ്റൊരുത്തനില്ല. അവനെ പൂർണ്ണഹൃദയത്തോടും പൂർണ്ണമന സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കുന്നതും കൂട്ടുകാരനെ തന്നെ പോലെ തന്നെ സ്നേഹിക്കുന്നതും സകല സർവ്വാംഗഹോമങ്ങളേക്കാളും യാ ഗങ്ങളേക്കാളും സാരമേറിയതു തന്നെ" എന്നു പറഞ്ഞു (വാക്യങ്ങൾ 32, 33).

പഴയനിയമം ബാഹ്യമായ കാര്യങ്ങളെക്കുറിച്ചുള്ള നിയമാവലികൾ മാത്ര മാണ് നല്കുന്നതെന്ന പ്രതീതി ചിലപ്പോൾ നമുക്കുണ്ടായേക്കാം. അത്തരം കാര്യങ്ങൾക്ക് പഴയനിയമത്തിൽ ഊന്നലുണ്ട് എന്നതു വാസ്തവമാണ്. എങ്ങ നെയായാലും, പഴയനിയമം ഹൃദയത്തിനും പ്രാധാന്യം നൽകുന്നുണ്ട് (1 ശമുവേൽ 16:7; സദൃശവാക്യങ്ങൾ 23:7; യെഹെസ്ക്കേൽ 18:31). ദൈവത്തെ അനുസരിക്കുന്നതു ഹൃദയത്തിൽനിന്ന് വന്നില്ലെങ്കിൽ, അത് സ്വീകരിക്കയില്ല (ആവർത്തനപുസ്തകം 30:2 നോക്കുക). ഇതിൽ യിസ്രായേലിനോട് അർപ്പി ക്കുവാൻ കല്പിച്ച യാഗങ്ങളും ഉൾപ്പെടുന്നു. ശൗൽ രാജാവ് ദൈവത്തോട് അനുസരണക്കേട് കാണിച്ചിട്ട് അതിനെ നേരെയാക്കുവാൻ യാഗം അർപ്പി ക്കുവാൻ തീരുമാനിച്ചപ്പോൾ ശമുവേൽ പ്രവാചകൻ അവനോട് പറയുന്നു, "ഇതാ അനുസരിക്കുന്നതു യാഗങ്ങളേക്കാളും ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസിനേക്കാളും നല്ലത്" (1 ശമുവേൽ 15:22). തിരുവെഴുത്തു പഠിച്ച ശാസ്ത്രിക്ക് ആ സത്യം കേട്ടപ്പോൾ അത് ശരിയാണെന്ന് ബോധ്യമായി. "അവൻ ബുദ്ധിയോടെ ഉത്തരം പറഞ്ഞു എന്നു യേശു കണ്ടിട്ട്" എന്നാണ് മർക്കൊസ് എഴുതിയത് (മർക്കൊസ് 12:34).

### യേശുവിന്റെ വിലയിരുത്തൽ

ചോദ്യകർത്താവിന്റെ ഹൃദയത്തെ അന്വേഷിച്ച കർത്താവ് അതു കണ്ടിട്ട്

ഇഷ്ടപ്പെട്ടു - ധനികനായ യുവാവിന്റെ ഉള്ളത്തെയും അവൻ മനസിലാക്കി അവനെ സ്നേഹിച്ചതുപോലെ ഇവനെയും അവൻ സ്നേഹിച്ചു (മർക്കൊസ് 10:21). പിന്നെ യേശു സ്വാധീനിക്കുന്ന ഈ പ്രസ്താവന നടത്തി: "നീ ദൈവ രാജ്യത്തിൽനിന്നും അകന്നവനല്ല" (മർക്കൊസ് 12:34). "ദൈവരാജ്യം സമീ പിച്ചിരിക്കുന്നു" എന്ന് യേശു പ്രസംഗിച്ചു വരികയായിരുന്നു (മത്തായി 4:17). അവൻ രാജ്യസ്ഥാപനത്തിനടുത്താണ് എന്നല്ല യേശു അർത്ഥമാക്കിയത്, മറിച്ച് മശിഹാ രാജ്യസ്വഭാവത്തെ കുറിച്ച് ആ മനുഷ്യന് ചില അറിവുണ്ടാ യിരിക്കുന്നു എന്നാണ്. ക്രിസ്തുവിനെ മശിഹയായി അംഗീകരിക്കുന്നതിന് അവൻ ഒരുപക്ഷെ അടുത്തെത്തിയിരിക്കാം. വില്യം ബാർക്ക്ലേ എഴുതി, "യേശുവിന്റെ കണ്ണിൽ അവനോട് സ്നേഹം തോന്നി അവനോട് ഇപ്രകാരം പറഞ്ഞിരിക്കാം, 'നീ ഇത്രയും ആയിരിക്കുന്നു, ഇനി നീ എന്റെ വഴിയിൽ കാര്യങ്ങൾ സ്വീകരിക്കുകയില്ലേ?' "[4]

ഈ വാക്കുകളോടെ സംഭവം അവസാനിപ്പിക്കുന്നു: "അതിന്റേശേഷം അവനോട് ആരും ഒന്നും ചോദിപ്പാൻ തുനിഞ്ഞില്ല"[5] (മർക്കൊസ് 12:34). എങ്ങനെയായാലും, "**നീ ദൈവരാജ്യത്തോട് അകന്നവനല്ല**" എന്ന യേശു വിന്റെ പ്രസ്താവനയിന്മേൽ അല്പസമയം ചെലവിടുവാൻ ഞാൻ ആഗ്ര ഹിക്കുന്നു.

## ഇന്നു - ദൈവരാജ്യത്തിൽനിന്ന് അകന്നല്ല

ദൈവരാജ്യം സ്ഥാപിക്കുന്നതിന് മുൻപ് ജീവിച്ചവനായിരുന്നു ശാസ്ത്രി,[6] എന്നാൽ നാം ജീവിക്കുന്നത് ദൈവരാജ്യം സ്ഥാപിച്ചശേഷമാണ്[7] പക്ഷെ യേശുവിന്റെ വാക്കുകൾ ചിലരെ ഉദ്ദേശിക്കുന്നില്ലേ? ആത്മിയമായി സംസാ രിക്കുമ്പോൾ ആളുകൾ മൂന്നു പ്രതലങ്ങളിലാണെന്നു ചിന്തിക്കുക: "ചിലർ ദൈവരാജ്യത്തിൽനിന്നകന്നവരല്ല"; അവരുടെ സാഹചര്യത്തെ വേറൊരു വിധത്തിൽ പറഞ്ഞാൽ, അവർ "ദൈവരാജ്യത്തിന് **അടുത്താണ്**"[8] ചിലർ അടുത്താണെങ്കിൽ, മറ്റുള്ളവർ ദൈവരാജ്യത്തിൽനിന്ന് "**അകലെ**"[9] ആയി രിക്കും. രണ്ടു പ്രയോഗങ്ങളും അന്തർലീനമാക്കിയിരിക്കുന്നത് ചിലർ ദൈവ രാജ്യ "**ത്തിൽ**"[10] ആണ് എന്നത്രെ.

ഇന്ന് ദൈവരാജ്യത്തിൽ "നിന്നകന്ന്" ഇരിക്കുന്നവർ ഉണ്ട് എന്നു കരു തുന്നതിൽ തെറ്റില്ല. ഒരു നിയമം എന്ന നിലയിൽ, ആത്മിയകാര്യങ്ങളിൽ താല്പര്യമില്ലാത്തവരാണ് ദൈവരാജ്യത്തിൽനിന്ന് അകന്നവർ. ഒരുപക്ഷെ അധികം പേരും ദൈവരാജ്യത്തിൽ ആയിരിക്കാം.[11] എങ്ങനെയായാലും, ക്രിസ്ത്യാനികൾ കൂടിവരുമ്പോൾ സന്നിഹിതരായിരിക്കുന്നവരിൽ ചിലർ **അടുത്ത്** ആണ്. ഒരുപക്ഷെ സ്നാനത്തിന് തീരുമാനമെടുക്കുവാൻ അവർ വിഷമിക്കുകയാവാം. ഇപ്പോൾ, എന്റെ പരിഗണന അടുത്തുള്ളവരെ കുറി ച്ചാണ്.

## രാജ്യത്തിന്റെ സ്വഭാവം

അധികം മുന്നോട്ട് പോകുന്നതിന് മുൻപ്, **രാജ്യം** എന്നാൽ അർത്ഥം എന്താണെന്ന് സ്ഥിരീകരിക്കേണ്ടിയിരിക്കുന്നു. ''രാജ്യം'' എന്ന വാക്ക് കൊണ്ടുദ്ദേശിക്കുന്നത്, ക്രിസ്തുവിനെ രാജാവായി അംഗീകരിച്ച ഒരു കൂട്ടം വ്യക്തികൾ അവന്റെ അധികാരത്തിന് കീഴ്പ്പെട്ടവരെയാണ്.[12] നാം ക്രിസ്ത്യാനികളാകുമ്പോൾ, ദൈവം നമ്മെ അവന്റെ "പുത്രന്റെ രാജ്യത്തി

ലാക്കി വെക്കുന്നു" എന്നാണ് പൗലൊസ് എഴുതിയത് (കൊലൊസ്യർ 1:13). "[ദൈവം] നമ്മെ രാജ്യമാക്കിത്തീർത്തു" എന്നാണ് യോഹന്നാൻ എഴുതിയത് (വെളിപ്പാട് 1:6).

ദൈവം രാജ്യമാക്കി വെച്ച ആളുകളെ പുതിയനിയമത്തിൽ മറ്റു പേരുകളാലും അറിയപ്പെടുന്നുണ്ട്. നമുക്ക് മിക്കപേർക്കും സുപരിചിതമായ വാക്ക് മത്തായി 16 ലുണ്ട്. പത്രൊസ് നല്ലോരു ഏറ്റുപറച്ചൽ നടത്തിയപ്പോൾ, യേശു അവനെ അഭിനന്ദിച്ചു പറഞ്ഞു, "... ഈ പാറമേൽ [പത്രൊസ് ഏറ്റു പറഞ്ഞ സത്യത്തിന്മേൽ] ഞാൻ *എന്റെ സഭയെ* പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല" (വാ.18; എംഫസിസ് മൈൻ).[13] യേശു ഇവിടെ ഒരു കെട്ടിടം പണിയുടെ ദൃഷ്ടാന്തം പറയുന്നുണ്ട്.[14] അടുത്ത വാകൃത്തിൽ അടെച്ച വാതിൽ താക്കോൽ ഉപയോഗിച്ചു തുറക്കുന്ന ചിത്രീകരണം അവൻ പറയുന്നു. അവൻ പത്രൊസിനോട് പറയുന്നു, "സ്വർഗരാജ്യത്തിന്റെ *താക്കോൽ* ഞാൻ നിനക്കു തരുന്നു" (വാക്യം 19; എംഫസിസ് മൈൻ). സുവിശേഷം ആദ്യമായി പ്രസംഗിക്കുവാൻ അപ്പൊസ്തലന് ലഭിക്കുന്ന ആദ്യ അവസരം എന്ന വാഗ്ദാനമായിരുന്നു അത്, അങ്ങനെ പാപികൾക്ക് സഭയിലേക്ക് പ്രവേശിക്കുവാൻ "വാതിൽ തുറന്നു കൊടുത്തു."[15] എങ്ങനെയായാലും, ഈ വേദഭാഗത്തിൽ യേശു, "രാജ്യം" "സഭ" എന്നീ വാക്കുകൾ മാറി മാറി ഉപയോഗിച്ചിരിക്കുന്നു എന്ന സത്യം, നിങ്ങൾ മനസിലാക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. "**രാജ്യത്തിൽ** ആകുക" എന്നാൽ "**സഭയിൽ** ആകുക" എന്നാണർത്ഥം.[16]

"സഭ" എന്നതിന് ഉപയോഗിച്ച ഗ്രീക്ക് വാക്ക് *എക്ലേസിയ* എന്നതാണ്, അർത്ഥം, "വിളിക്ക-പ്പെട്ട [വർ]" എന്നാണ്. ലോകത്തിൽനിന്ന് വിളിച്ച് യേശുക്രിസ്തുവുമായി ഒരു പുതിയ ബന്ധത്തിലാകുക എന്നതാണ് ആ വാക്കുകൊണ്ടുദ്ദേശിക്കുന്നത്. ഈ പ്രത്യേകകൂട്ടം ആളുകളെ പുതിയനിയമത്തിൽ പ്രവർത്തികളുടെ പുസ്തകത്തിലും ലേഖനങ്ങളിലും ഉപയോഗിച്ചിരിക്കുന്ന പൊതുവായ വാക്കാണത് (ഉദാഹരണത്തിന്, പ്രവൃത്തികൾ 5:11; 8:1, 3; 9:31; റോമർ 16:1; 1 കൊരിന്ത്യർ 1:2).

ഈ ആളുകളെ പുതിയനിയമത്തിൽ വിളിച്ചിരിക്കുന്ന മറ്റൊരു പേരാണ് "ശരീരം." എഫെസ്യർ 1:22, 23-ൽ പൗലൊസ് എഴുതി, "സർവ്വവും അവന്റെ കാൽക്കീഴാക്കി അവനെ സർവ്വത്തിനും മീതെ തലയാക്കി എല്ലാറ്റിലും എല്ലാം നിറെക്കുന്നവന്റെ നിറവായ അവന്റെ ശരീരമായ സഭക്ക് കൊടുക്കയും ചെയ്തിരിക്കുന്നു." പൗലൊസ് "സഭ" എന്നും "ശരീരം" എന്നും മാറി മാറി ഉപയോഗിച്ചിട്ടുണ്ട്; സഭ അവന്റെ ശരീരമാണ്. കൊലൊസ്യർ 1:18-ൽ ഇത് തിരിച്ച് പറഞ്ഞിരിക്കുന്നു: "അവൻ സഭ എന്ന ശരീരത്തിന്റെ തലയുമാകുന്നു." അതുകൊണ്ട് "**സഭയിൽ** ആകുക" എന്നാൽ "**ശരീരത്തിൽ** ആകുക" എന്നാണ്.[17]

ഒരു യൂണിറ്റായി ശരീരത്തിൽ/സഭയിൽ ഉള്ളവർ എങ്ങനെ പ്രവർത്തിക്കണം എന്ന ഊന്നൽ കൊടുത്തുകൊണ്ടാണ് "ശരീരം" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. ഭൗതികശരീരത്തിൽ പല അവയവങ്ങൾ ഉള്ളതുപോലെ (ഉദാഹരണമായി, കൈകൾ, കാലുകൾ, പാദങ്ങൾ, മുതലായവ), ക്രിസ്ത്യാനികൾ അവന്റെ ആത്മിയ ശരീരത്തിലെ അവയവങ്ങളാണ് (പ്രവർത്തിക്കുന്ന ഭാഗങ്ങൾ) (1 കൊരിന്ത്യർ 12:27) - ക്രിസ്തു എന്ന "തലയോടു" കൂടിയാണ് പ്രവർത്തിക്കുന്നത് (കൊലൊസ്യർ 1:18).

അവസാനപദപ്രയോഗമായി, **രാജ്യത്തിന്റെ** രാജാവും, അവൻ **സഭ** പണിതവനുമാണ്, അവൻ **ശരീര**ത്തിന്റെ തലയുമാണ്: **ക്രിസ്തുവിൽ**[18] എന്ന പ്രയോഗം, രക്ഷകനുമായുള്ള നമ്മുടെ അടുത്ത ബന്ധം സൂചിപ്പിക്കുന്ന പൗലൊസിന് ഇഷ്ടപ്പെട്ടതാണ്. അതിനെ പ്രതിനിധീകരിക്കുന്ന രണ്ടു വേദഭാഗങ്ങൾ ഇതാ: "നിങ്ങളോ അവനാൽ [ദൈവത്താൽ] ക്രിസ്തുവിൽ ഇരിക്കുന്നു" (1 കൊരിന്ത്യർ 1:30); "അതുകൊണ്ട്, ... ക്രിസ്തു*യേശു*വിലുള്ളവർക്ക് യാതൊരു ശിക്ഷാവിധിയുമില്ല, (റോമർ 8:1). (എംഫസിസ് മൈൻ.)[19] ഒരാൾ ക്രിസ്ത്യാനിയാകുമ്പോൾ, അയാൾ ക്രിസ്തുവിനെ ധരിക്കുന്നു (റോമർ 13:14; ഗലാത്യർ 3:27).

"ക്രിസ്തുവിൽ" ആകുക എന്നാൽ രാജ്യത്തിൽ, സഭയിൽ, ശരീരത്തിൽ ആകുക എന്നാണർത്ഥം. ശൗൽ **സഭയെ** ഉപദ്രവിച്ചുകൊണ്ടിരുന്നപ്പോൾ (പ്രവൃത്തികൾ 8:1–3; ഫിലിപ്പിയർ 3:6), അവൻ ക്രിസ്തുവിനെയാണ് ഉപദ്രവിച്ചത് (പ്രവൃത്തികൾ 22:8). **ക്രിസ്തു**വിനേയും അവന്റെ **ശരീരത്തെ**യും തമ്മിൽ വേർപിരിക്കുക അസാധ്യമാണ്. ഒരു നിസാരമായ (ചിലപ്പോൾ വിഡ്ഢിത്തവുമായേക്കാം) ചിത്രീകരണം ഉപയോഗിച്ചാൽ, ഞാൻ ഒരു ഗുളിക കഴിച്ചാൽ അത് *എന്നിലായി, ശരീരത്തിലായി* എന്നു പറയാം.

## രാജ്യത്തിന്റെ അനുഗ്രഹങ്ങൾ

**രാജ്യത്തിൽ/സഭയിൽ/ശരീരത്തിൽ/ക്രിസ്തുവിൽ** ആകൂക എന്നത് എത്ര പ്രാധാന്യമുള്ളതാണ്? എഫെസ്യർ 1:3 വായിക്കുക: "സ്വർഗത്തിലെ സകല *ആത്മികാനുഗ്രഹത്താലും* നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ." (എംഫസിസ് മൈൻ.) സ്വർഗത്തിലെ "സകല **ആത്മികാനുഗ്രഹത്താലും**"[20] എന്ന പദപ്രയോഗമാണ് പൗലൊസ് ഉപയോഗിച്ചിരിക്കുന്നത് – "മിക്ക ആത്മികാനുഗ്രഹങ്ങളും" എന്നല്ല, "ഏതാണ്ട് സകല ആത്മികാനുഗ്രഹങ്ങളും" എന്നുമല്ല, **സകല ആത്മികാനുഗ്രഹങ്ങളും** എന്നാണ്. കൂടാതെ, ഈ അനുഗ്രഹങ്ങളെല്ലാം ക്രിസ്തുവിലാണ് എന്നും പറഞ്ഞിരിക്കുന്നു. അതുകൊണ്ട്, അവ സഭയിൽ, രാജ്യത്തിൽ, ശരീരത്തിൽ ആണ്.

ക്രിസ്തുവിൽ നമുക്കുള്ള അനുഗ്രഹങ്ങളെ എല്ലാം ചർച്ച ചെയ്യുവാൻ സമയം അനുവദിക്കുന്നില്ല. ജോ ലെയിഡ് എഴുതി,

> ആത്മികാനുഗ്രഹങ്ങളുടെ ചില ഉദാഹരണങ്ങളാണ്, ... പാപമോചനവും, ക്രിസ്തുവിന്റെ രക്തവും, യേശു നമ്മുടെ മഹാപുരോഹിതനായിട്ടുള്ളതും, പ്രാർത്ഥിക്കുവാനുള്ള അവസരവും, കർത്തൃമേശയും, ദൈവത്തോടുള്ള അവകാശവും ക്രിസ്തുവുമായി കൂട്ടവകാശവും, പരിശുദ്ധാത്മാവ് വസിക്ക ധലുംപ, ദൈവത്തോടുകൂടിയുള്ള നിത്യജീവൻ എന്ന വാഗ്ദാനവും ആണ് ....[21]

നാം പറഞ്ഞ അനുഗ്രഹങ്ങളിൽ രണ്ടു മൂന്നെണ്ണത്തിന് ഞാൻ ഊന്നൽ കൊടുക്കട്ടെ. നമ്മുടെ കഴിഞ്ഞകാല പാപങ്ങളിൽനിന്ന് നമുക്ക് **വീണ്ടെടുപ്പ്** ഉണ്ട് എന്നതാണ് ഒരു അനുഗ്രഹം.[22] ഈ സമയത്ത് വാക്യം 14 കൂടെ ചെർത്ത് കൊലൊസ്യർ 1:13 വീണ്ടും നോക്കാം: "അവൻ നമ്മെ ഇരുട്ടിന്റെ

അധികാരത്തിൽനിന്നു വിടുവിച്ചു തന്റെ പുത്രന്റെ രാജ്യത്തിലാക്കി വെക്കു കയും ചെയ്തു. അവനിൽ നമുക്ക് പാപമോചനം എന്ന *വീണ്ടെടുപ്പ്* ഉണ്ട്" (എംഫസിസ് മൈൻ). ആ വീണ്ടെടുപ്പ് **ക്രിസ്തുവിൽ-ശരീരത്തിൽ, സഭ യിൽ, രാജ്യത്തിൽ** ആണുള്ളത്.

നമ്മുടെ കഴിഞ്ഞകാലപാപങ്ങളിൽ നിന്നു വീണ്ടെടുത്തു എന്നതു മറ്റൊ രുവിധത്തിൽ പറഞ്ഞാൽ നമ്മുടെ പാപങ്ങളിൽ നിന്നു നാം രക്ഷിക്കപ്പെട്ടി രിക്കുന്നു എന്നർത്ഥം. യേശുവിന്റെ രക്തം മുഖാന്തരം **ശരീരത്തിൽ, സഭ യിൽ**, നമുക്ക് **രക്ഷയുണ്ട്**.[23] എഫെസ്യർ 5 ലേക്ക് പോയി, അവിടെ ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധം ഒരു ഭാര്യയും ഭർത്താവും തമ്മി ലുള്ള ബന്ധത്തോട് ഉപമിച്ചിരിക്കുന്നതു നോക്കുക. പ്രത്യേകിച്ച് വാക്യം 23 ഉം 25 ഉം നോക്കുക:

> ക്രിസ്തു *ശരീരത്തിന്റെ രക്ഷിതാവായി* സഭക്ക് തലയാകുന്നതുപോലെ ഭർത്താവ് ഭാര്യക്ക് തലയാകുന്നു (വാക്യം 23; എംഫസിസ് മൈൻ).

> ഭർത്താക്കന്മാരേ, ക്രിസ്തുവും സഭയെ സ്നേഹിച്ചു *തന്നെത്താൻ അവൾക്ക് വേണ്ടി ഏല്പിച്ചുകൊടുത്തതു*പോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ (വാക്യം 25; എംഫസിസ് മൈൻ).

നാം രക്ഷിക്കപ്പെടണമെന്നുണ്ടെങ്കിൽ, നാം **ശരീരത്തിലാകണം**. യേശുവിന്റെ യാഗത്തിന്റെ ഗുണം നമുക്ക് ലഭിക്കണമെന്നുണ്ടെങ്കിൽ, നാം **സഭയിലാക ണം**.

രക്ഷിക്കപ്പെടുകയും വീണ്ടെടുക്കപ്പെടുകയും ചെയ്യുന്നതിനെ വേറൊ രുവിധത്തിൽ പറയുന്നതാണ്, **ദൈവമക്കളായി** തീരുക എന്നത്.[24] ഗലാത്യർ 3:26, 27 പറയുന്നു, "ക്രിസ്തുവേശുവിലെ വിശ്വാസത്താൽ നിങ്ങളെല്ലാവരും ദൈവത്തിന്റെ മക്കളാകുന്നു. ക്രിസ്തുവിനോട് ചേരുവാൻ സ്നാനമേറ്റിരി ക്കുന്ന നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു." [കെജെവിയിൽ "ദൈവപൈതങ്ങൾ"] എന്നാണ്. നാം "ക്രിസ്തുവിനോട് ചേരുവാൻ" സ്നാനമേല്ക്കുമ്പോൾ, "ക്രിസ്തുവിനെ ... ധരിക്കുന്നു" അപ്പോൾ നാം "ദൈവമക്കൾ" ആകുന്നു, അല്ലെങ്കിൽ, കെജെവി പറയുന്നതുപോലെ നാം "ദൈവപൈതങ്ങൾ ആകുന്നു" പൗലൊസ് കൊരിന്ത്യരോട് പറഞ്ഞു, "ഒരു ത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയത് കഴിഞ്ഞുപോയി, ഇതാ അതു പുതുതായി തീർന്നിരിക്കുന്നു" (2 കൊരിന്ത്യർ 5:17).

സഭയിൽ/രാജ്യത്തിൽ/ശരീരത്തിൽ/ക്രിസ്തുവിൽ ആകുക എന്നു പറ ഞ്ഞാലെന്താണ്? അതിനർത്ഥം നമുക്ക് **സകല ആത്മികാനുഗ്രഹങ്ങളുമുണ്ട്** എന്നാണ്.[25] അതിനർത്ഥം നമുക്ക് കഴിഞ്ഞകാലപാപങ്ങളിൽനിന്ന് **വീണ്ടെ ടുപ്പ് ഉണ്ട്**, നമുക്ക് **രക്ഷ ഉണ്ട്** എന്നാണ്. അതിനർത്ഥം നാം **ദൈവമക്കൾ** ആകുന്നു എന്നാണ്. സഭയിൽ/രാജ്യത്തിൽ/ശരീരത്തിൽ/ക്രിസ്തുവിൽ ആകുന്നവർക്ക് ലഭിക്കുന്ന അനുഗ്രഹങ്ങളെ ചുരുക്കി എഫെസ്യർ 2:12, 13-ൽ പറയുന്നുണ്ട്:

> ... അക്കാലത്ത് [26]നിങ്ങൾ ക്രിസ്തുവിനെ കൂടാതെയുള്ളവരും യിസ്രായേൽ

പൗരതയോടു സംബന്ധമില്ലാത്തവരും വാഗ്ദത്തത്തിന്റെ നിയമങ്ങൾക്ക് അന്യരും പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു എന്ന് ഓർത്തുകൊൾവിൻ. മുൻപേ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തുയേശുവിൽ[27] ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായി തീർന്നു.

നേരെ മറിച്ച്, രാജ്യത്തിൽനിന്ന്/സഭയിൽനിന്ന്/ശരീരത്തിൽനിന്ന്/ക്രിസ്തുവിൽ നിന്ന് **അകലെ** എന്നു പറഞ്ഞാലെന്താണ്? നിങ്ങൾ ആ അവസ്ഥയിലാണെങ്കിൽ, നിങ്ങളുടെ കഴിഞ്ഞകാലപാപങ്ങളിൽനിന്ന് **വീണ്ടെടുക്കപ്പെടാതെ**, **രക്ഷയിൽ**നിന്നും *അകലെ*, **ദൈവമകനാകുന്ന**തിൽനിന്നും അകലെ ആണ്.

കാജ്യത്തിന്, സഭക്ക്, ശരീരത്തിന്, ക്രിസ്തുവിന് **അടുത്ത്** എന്നുപറഞ്ഞാലെന്താണ് അർത്ഥം? നിങ്ങൾ ആ അവസ്ഥയിലാണെങ്കിൽ, നിങ്ങൾ നിങ്ങളുടെ കഴിഞ്ഞകാല പാപങ്ങളിൽനിന്നുള്ള വീണ്ടെടുപ്പിനോട്, രക്ഷയോട് അടുത്തിരിക്കുന്നു എന്നർത്ഥം. ദൈവമകനായി തീരുന്നതിന് നിങ്ങൾ വളരെ അടുത്താണ്[28] - എന്നാൽ ആ അനുഗ്രഹങ്ങളൊന്നും നിങ്ങളുടേതായി തീർന്നിട്ടില്ല.

**രാജ്യത്തോടുള്ള നമ്മുടെ ബന്ധം**

ഇതു നിങ്ങളിൽ ചില ചോദ്യങ്ങൾ ഉയർത്തിയേക്കാം. പക്ഷെ അതിന് ഉത്തരം നൽകുന്നതിന് മുൻപ്, **അടുത്ത്** ഇരിക്കുന്നവരും **അകലെ** ഇരിക്കുന്നവരും തമ്മിലുള്ള വ്യത്യാസം കുറച്ചു കൂടെ നോക്കേണ്ടതുണ്ട്. രണ്ട് വ്യക്തികൾ ഒരുപോലെ അല്ലാത്തതുകൊണ്ട്, പൊതുവായ വാക്കുകളിൽ പറയേണ്ടതായിട്ടുണ്ട്; ഈ രണ്ടുസാഹചര്യങ്ങളിലും സാധ്യതയുള്ള വ്യത്യാസങ്ങൾ ഞാൻ നൽകട്ടെ.

രാജ്യത്തിൽ നിന്ന് **അകലെ** ആയിരിക്കുന്നവർ പലരും **ദുരഭിമാനമുള്ള**വരാണ്.[29] അവർ ആത്മിയകാര്യങ്ങളെ കുറിച്ച് ചിന്തിക്കുവാൻ താല്പര്യപ്പെടുന്നില്ല. അവർ ഞാൻ ഒരിക്കൽ വായിച്ച ബോർഡ് പോലെയാണ്: "എന്റെ മനസ് ഞാൻ ഉറപ്പിച്ചുകഴിഞ്ഞു, വസ്തുതകളാൽ എന്നെ തെറ്റിദ്ധരിപ്പിക്കരുത്." എങ്ങനെയായാലും, രാജ്യത്തിന് **അടുത്ത്** വന്നിരിക്കുന്നവർക്ക് സത്യസന്ധമായ ഒരു ഹൃദയമുണ്ട്.[30] ആ വിസ്മയമായ ഹൃദയമായിരിക്കാം യേശു ആ ശാസ്ത്രിയിൽ കണ്ടത്. ദുരഭിമാനത്താൽ മിക്ക പരീശന്മാരുടേയും ഹൃദയം കഠിനപ്പെട്ടുപോയതുപോലെ ആ മനുഷ്യന്റെ ഹൃദയം കഠിനപ്പെട്ടിരുന്നില്ല.

**ദുഷ്ടത** നിമിത്തമാണ് ചിലർ ദൈവരാജ്യത്തിൽനിന്ന് **അകന്ന്** ഇരിക്കുന്നത്.[31] അവർ പിടിച്ചിരിക്കുന്നത് ലോകത്തിന്റെ ധാർമ്മികനിലവാരമാണ്, അതു ഓർപ്പിച്ചാൽ അവർ കോപിക്കയും ചെയ്യും. മറ്റുള്ളവർ രാജ്യത്തോട് അടുത്തിരിക്കുന്നത്, അവർക്ക് നന്മയും തിന്മയും ബോധ്യമുള്ളതുകൊണ്ടാണ്, അവർ **നല്ല, ധാർമ്മിക ജീവിതം** നയിക്കുവാൻ ശ്രമിക്കുന്നവരുമാണ്.[32]

ദൈവേഷ്ടത്തെ കുറിച്ചുള്ള **ഉപദേശക്കുറവ്** നിമിത്തമത്രേ ചിലർ **അകന്ന്** ഇരിക്കുന്നത്.[33] അവർക്ക് പഠിക്കുവാനുള്ള അവസരം ഒരുപക്ഷെ കിട്ടിക്കാണുകയില്ല, അല്ലെങ്കിൽ അവസരം ശരിയായി ഉപയോഗിച്ചിരിക്കയില്ല. അതിന് വിപരീതമായി അടുത്ത് ഇരിക്കുന്നവർ പഠിക്കുവാൻ **ആകാം**

**ക്ഷ**യുള്ളവരാണ്;[34] അവർ ദൈവവചനം അറിയുവാൻ ആഗ്രഹിക്കുന്നു. ഒരുപക്ഷെ അവർ സ്വയമായി പഠിച്ചുകൊണ്ടിരിക്കയാവാം; മറ്റുള്ളവർ അവരുടെ ആത്മാക്കളെ കുറിച്ചു കരുതലുള്ളവരുമായി പഠിക്കുന്നവരായിരിക്കാം.

അകന്ന് ഇരിക്കുന്നവരുടെ പൊതുവായ സ്വഭാവം **സ്വയം-തൃപ്തരാകുക** എന്നതാണ്.[35] "ഞാൻ ഇങ്ങനെ തന്നെ ആയിരിക്കുന്നതിൽ കുഴപ്പം ഒന്നുമില്ല, എന്നെ എന്റെ പാട്ടിന് വിട്ടേക്ക്." വർഷങ്ങൾക്ക് മുൻപ്, ടെക്സസിലെ, ക്വിൻലാനിലിൽ ഒരു പ്രസംഗപരമ്പര അവതരിപ്പിക്കുവാൻ എന്നോട് ആവശ്യപ്പെട്ടു. ഞാൻ എത്തുന്നതിന് മുൻപ് പ്രാദേശിക ഉപദേഷ്ടാവ് ഒരാളെ അയാളുടെ പ്രതികരണം എന്തെന്നറിയുന്നതിന് കാണുവാൻ ചെന്നു.സുവിശേഷകൻ ആ മനുഷ്യനോട് ആത്മിയ കാര്യങ്ങൾ സംസാരിച്ചപ്പോൾ, അയാൾ പറഞ്ഞു, "ഉപദേഷ്ടാവേ, ഒന്ന് നില്ക്ക്! നിങ്ങളുടെ സന്ദർശനം നിങ്ങൾ പാഴാക്കിയിരിക്കുന്നു! നിങ്ങൾ വന്ന് ചെറിയ സന്ദർശനം നടത്തുന്നു എങ്കിൽ, മതത്തെ കുറിച്ച് സംസാരിക്കാതിരിക്കുക. നിങ്ങൾക്ക് മതപരമായ കാര്യങ്ങൾ മത്രമാണ് സംസാരിക്കുവാനുള്ളതെങ്കിൽ, അതാ വാതിൽ!" അതിനു വിപരീതമായി **അടുത്ത്** ഉള്ളവർ അവരുടെ ആത്മിയാ**വശ്യങ്ങളെ** കുറിച്ച് **അറിവുള്ള**വരാണ്.[36] ചിലപ്പോൾ, തങ്ങൾ നഷ്ടപ്പെട്ടവരാണെന്നും രക്ഷക്ക് കർത്താവിന്റെ അടുക്കലെത്തേണ്ടതു ആവശ്യമാണെന്നും അറിവുള്ളവരാണ്.

ഒരു തടസം ഞാൻ കേൾക്കുന്നു: "നിൽക്കട്ടെ! നിങ്ങൾ പറയുന്നത് **ആത്മാർത്ഥ ഹൃദയമുള്ള**, ഒരു നല്ല, **ധാർമിക ജീവിതം** നയിക്കുന്ന, **പഠിക്കുവാൻ ആകാംക്ഷയുള്ള**, ആത്മിയാ**വശ്യങ്ങളെ** കുറിച്ചു **ബോധ്യമുള്ള** ആളെ കുറിച്ചാണല്ലോ നിങ്ങൾ സംസാരിക്കുന്നത്. അങ്ങനെയുള്ള ഒരാൾ *നഷ്ടപ്പെട്ട*വനാണെന്ന് നിങ്ങൾ എങ്ങനെ പറയും?"

അങ്ങനെ അല്ലായിരുന്നുവെങ്കിൽ എന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ഹൃദയംഗമമായി തന്നെ – ഉള്ളതു പറഞ്ഞില്ലെങ്കിൽ ഞാൻ ബൈബിളിനോട് സത്യസന്ധതപുലർത്തുകയില്ല. രാജ്യത്തിന് **അടുത്ത്** എത്തിയിട്ടും ആ വ്യക്തി നഷ്ടപ്പെടുന്നത് എന്തുകൊണ്ടാണ്? കാരണം അയാൾ, സകല **ആത്മികാനുഗ്രഹങ്ങളും** ഉള്ള **ക്രിസ്തുവിൽ** അല്ല. അയാൾ തന്റെ കഴിഞ്ഞകാലപാപങ്ങളിൽനിന്ന് **വീണ്ടെടുക്കപ്പെടേണ്ടതിന്** ശുദ്ധീകരിക്കപ്പെട്ടില്ല. അടുത്തു ഉള്ള ഒരാളുടെ ബൈബിൾ ഉദാഹരണം നിങ്ങൾക്ക് വേണമെങ്കിൽ, റോമൻ സൈന്യാധിപനായിരുന്ന കൊർന്നെല്യോസിനെ നോക്കുക. ഈ ദൈവശ്വാസിയ വിവരണം ശ്രദ്ധിക്കുക:

> കൈസര്യയിൽ ഇത്താലിക്ക എന്ന പട്ടാളത്തിൽ കൊർന്നെല്യോസ് എന്ന് പേരുള്ളോരു ശതാധിപനുണ്ടായിരുന്നു. അവൻ ഭക്തനും തന്റെ സകല ഗൃഹത്തോടും കൂടെ ദൈവത്തെ ഭയപ്പെടുന്നവനുമായി ജനത്തിന്നു വളരെ ധർമ്മം കൊടുത്തും എപ്പോഴും ദൈവത്തോടു പ്രാർത്ഥിച്ചും പോന്നു (പ്രവൃത്തികൾ 10:1, 2).

ആ മനുഷ്യനെ കുറിച്ചു നിങ്ങൾ വായിക്കുമ്പോൾ, അയാൾ ആത്മാർത്ഥ ഹൃദയമുള്ളവനും, നല്ല ധാർമ്മിക ജീവിതം നയിച്ചവനും, പഠിക്കുവാൻ ആകാംക്ഷയുള്ളവനും, ആത്മിയാവശ്യങ്ങളെ കുറിച്ചു ബോധ്യമുള്ളവനുമായിരുന്നു എന്നു കാണാം. അവൻ രക്ഷിക്കപ്പെട്ടിരുന്നോ? ദൂതൻ അവ

നോട്, "നീ യോപ്പയിലേക്ക് ആളയച്ചു പത്രൊസ് എന്ന് മറുപേരുള്ള ശിമോനെ വരുത്തുക. നീയും നിന്റെ ഗൃഹം മുഴുവനും *രക്ഷിക്കപ്പെടുവാനുള്ള* വാക്കുകളെ അവൻ നിന്നോട് സംസാരിക്കും എന്നു പറഞ്ഞു" (പ്രവൃത്തികൾ 11:13, 14; എംഫസിസ് മൈൻ). കൊർന്നെല്യോസ് അടുത്ത് ആയിരുന്നു - വളരെ അടുത്ത് - പക്ഷെ അവൻ രക്ഷിക്കപ്പെട്ടിരുന്നില്ല. അതിശയിക്കത്തക്ക പലതും ആ ശതാധിപനിൽ ഉണ്ടായിരുന്നു, എന്നാൽ പോലും, അവൻ നഷ്ടപ്പെട്ടവനായിരുന്നു.

## രാജ്യത്തിലേക്കുള്ള പ്രവേശനം

"രാജ്യത്തിൽ *എങ്ങനെ പ്രവേശിക്കും?*" എന്നതാണ് അടുത്ത ചോദ്യം. എന്തു സംഭവിച്ചാലാണ് രാജ്യത്തിൽ/സഭയിൽ/ശരീരത്തിൽ/ക്രിസ്തുവിൽ പ്രവേശിക്കുക?[37] ഈ ചോദ്യത്തിന് ഉത്തരം നൽകുവാൻ നാം ചർച്ച ചെയ്ത വാക്കുകളുള്ള വേദഭാഗങ്ങൾ വീണ്ടും നോക്കേണ്ടതുണ്ട്.

മത്തായി 18:3 രാജ്യം എന്ന വാക്ക് ഉപയോഗിക്കുന്നുണ്ട്: "നിങ്ങൾ *തിരിഞ്ഞ് ശിശുക്കളെ*പോലെ[38] ആയ്വരുന്നില്ല എങ്കിൽ നിങ്ങൾ സ്വർഗരാജ്യത്തിൽ കടക്കയില്ല എന്നു സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു" (എംഫസിസ് മൈൻ). **രാജ്യത്തിൽ പ്രവേശിക്കുന്നതിന് പരിവർത്തനം**[39] സംഭവിക്കണം. പരിവർത്തനം എന്ന വാക്കിന്റെ അടിസ്ഥാന അർത്ഥം "മാറുക" എന്നാണ്. മൂന്നു വിധത്തിലാണ് പരിവർത്തനം നടക്കുന്നത്:

(1) *മനോഭാവത്തിൽ* മാറ്റം ഉണ്ടാകണം, അതു *വിശ്വാസത്താലാണ്* വരുന്നത്. യേശു പറഞ്ഞു, "... ഞാൻ അങ്ങനെയുള്ളവൻ [ദൈവപുത്രനായ, മശിഹ] എന്നു നിങ്ങൾ വിശ്വസിച്ചില്ല എങ്കിൽ നിങ്ങൾ നിങ്ങളുടെ പാപത്തിൽ മരിക്കും" (യോഹന്നാൻ 8:24).

(2) ജീവിതത്തിൽ മാറ്റം ഉണ്ടാകണം, അതു *മാനസാന്തരത്താൽ* വരുന്നതാണ്. അവൻ പറഞ്ഞു, "അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ, നിങ്ങളെല്ലാവരും അങ്ങനെതന്നെ നശിച്ചുപോകും" (ലൂക്കൊസ് 13:3).

(3) ബന്ധത്തിൽ മാറ്റം ഉണ്ടാകണം - കർത്താവിനോടുള്ള ബന്ധം - അതു *സ്നാനത്താലാണ്* സംഭവിക്കുന്നത്. യേശു പറഞ്ഞു, "വിശ്വസിക്കയും സ്നാനമേല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും" (മർക്കൊസ് 16:16).

പരിവർത്തന നടപടികൾക്ക് വിശ്വാസവും മാനസാന്തരവും അനിവാര്യമാണെന്ന് മിക്ക മതപരമായ ആളുകളും സമ്മതിക്കും, എന്നാൽ ചിലർ **സ്നാനത്തിന്റെ** ആവശ്യകതയെ എതിർക്കുന്നുണ്ട്.[40] അതുകൊണ്ട് രാജ്യത്തിലേക്ക് പ്രവേശിക്കുന്ന ഈ വശത്തെ അല്പ സമയം എടുത്ത് ചർച്ച ചെയ്യട്ടെ. രാജ്യത്തെ വിവരിക്കുന്നതിന് ഏതു വാക്ക് നാം എടുത്താലും, പ്രവേശനത്തിന് വെള്ളത്തിൽ മുങ്ങൽ അഥവാ ജലസ്നാനം ആവശ്യമാണ്:

- "**രാജ്യം**" എന്ന വാക്കിനെ കുറിച്ച് യോഹന്നാൻ 3:5 ശ്രദ്ധിക്കുക, അവിടെ യേശു പറഞ്ഞു, "... *വെള്ളത്താലും ആത്മാവിനാലും*[41] ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല" (എംഫസിസ് മൈൻ).
- "**സഭ**" എന്ന വാക്കിനെ കുറിച്ച്, പ്രവൃത്തികൾ 2 നോക്കുക. പത്രൊസ് ആളുകളോട് പറഞ്ഞു, "... നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി യേശു

ക്രിസിതുവിന്റെ നാമത്തിൽ *സ്നാനം* ഏല്പിൻ" (വാക്യം 38; എംഫ സിസ് മൈൻ). പിന്നെ അവൻ പറഞ്ഞു, "... അവന്റെ വാക്ക് കൈക്കൊണ്ടവർ *സ്നാനം* ഏറ്റു, അന്ന് മൂവായിരത്തോളം പേർ അവരോട് ചേർന്നു" (വാക്യം 41; എംഫസിസ് മൈൻ). വാക്യം 47 പറയുന്നു, "കർത്താവ് രക്ഷിക്കപ്പെടുന്നവരെ സഭയോട് ചേർത്തു കൊണ്ടിരുന്നു." സ്നാനമേറ്റവരെ കർത്താവ് രക്ഷിക്കപ്പെട്ടവരുടെ കൂട്ടത്തോട് ചേർത്തുകൊണ്ടിരുന്നു - "സഭ" എന്നു പറയുന്നതിന് ഉപയോഗിച്ച മറ്റൊരു പ്രയോഗമാണ് അത് (എഫെസ്യർ 5:23, 25). പത്രൊസിന്റെ വാക്ക് കേട്ട് സ്നാനമേറ്റവരെ കുറിച്ച് കെജെവി പറയുന്നു "കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോട് ചേർത്തു കൊണ്ടിരുന്നു" (പ്രവൃത്തികൾ 2:47).

- "**ശരീരം**" എന്ന വാക്കിനെ കുറിച്ച്, 1 കൊരിന്ത്യർ 12:13 പരിഗണിക്കുക: "നാമെല്ലാവരും ഒരേ ആത്മാവിനാൽ സ്നാനമേറ്റു[43] ഒരേ ശരീരത്തിലായിരിക്കുന്നു."
- "ക്രിസ്തുവിൽ" എന്ന വാക്കിനെ കുറിച്ച്, ഞാൻ ഗലാത്യർ 3:26, 27 ആവർത്തിക്കട്ടെ: "ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങളെല്ലാവരും ദൈവത്തിന്റെ മക്കളാകുന്നു. *ക്രിസ്തുവിനോട് ചേരുവാൻ സ്നാനമേറ്റിരിക്കുന്ന* നിങ്ങളെല്ലാം ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു" (എംഫസിസ് മൈൻ). അടിസ്ഥാനപരമായി ഇതേ സത്യം പഠിപ്പിക്കുന്ന മറ്റൊരു വേദഭാഗമാണ് റോമർ 6:3, 4:

> അല്ല, യേശുക്രിസ്തുവിനോട് ചേരുവാൻ സ്നാനമേറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിതീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നെ.

നമ്മുടെ ഹൃദയവും, ജീവിതവും, ബന്ധവും മാറി, മാനസാന്തരപ്പെട്ടു സ്നാനം ഏല്ക്കുമ്പോൾ, എന്താണ് സംഭവിക്കുക? പിന്നെ ഒരു ദൈവിക മാറ്റം സംഭവിക്കും[43]: ദൈവം നമ്മെ "ഇരുട്ടിന്റെ അധികാരത്തിൽനിന്ന് വിടുവിച്ച്, തന്റെ പ്രിയപുത്രന്റെ **രാജ്യത്തിൽ** [ആക്കി] വെക്കുകയും ചെയ്തു" (കൊലൊസ്യർ 1:13; എംഫസിസ് മൈൻ). നമ്മെ **സഭയോട്** ചേർക്കുന്നു. നാം **ശരീരത്തിൽ** അവയവങ്ങൾ ആകുന്നു. നാം **ക്രിസ്തുവിനെ** ധരിക്കുന്നു!

"**രാജ്യത്തിൽ ആകുക**" എന്ന പ്രയോഗം എന്താണെന്ന് ഇപ്പോൾ നമുക്ക് വ്യക്തമായി മനസിലായി കാണും - കൂടാതെ, **അടുത്ത്** എന്നതും **അകലെ** എന്നതും എന്താണ് അർത്ഥമാക്കുന്നതെന്നും മനസിലായിരിക്കും, അവർ പരിവർത്തനം ചെയ്യാത്തവരും രാജ്യത്തിൽ പ്രവേശിക്കാത്തവരുമാണ്. അവർ വചനാനുസരണം സ്നാനം ഏല്ക്കാത്തതുകൊണ്ട് **രാജ്യത്തിൽ/ സഭയിൽ/ശരീരത്തിൽ/ ക്രിസ്തുവിൽ** പ്രവേശിക്കാത്തവരാണ്. അവിടെയാണ് **സകല ആത്മികാനുഗ്രഹങ്ങളും**, **വീണ്ടെടുപ്പും,** കഴിഞ്ഞപാപങ്ങ

ളിൽനിന്നുള്ള **രക്ഷയും, ദൈവമക്കൾ** ആയി കണക്കാക്കുന്നതും.

### ഉപസംഹാരം

രാജ്യത്തിന് അടുത്ത് എത്തിയവർ എന്തുകൊണ്ട് അകത്ത് പ്രവേശിക്കുന്നില്ല എന്ന ചോദ്യത്തിന് തീർച്ചയായും എനിക്ക് ഉത്തരം നൽകുവാൻ കഴിയില്ല. ചിലർ അതു നീട്ടി വെക്കും. തങ്ങൾക്ക് വേണ്ടത്ര അറിവായിട്ടില്ല എന്നായിരിക്കാം ചിലർ വിചാരിക്കുന്നത്; അവർക്ക് ഇപ്പോഴും ഉള്ളിൽ ചോദ്യങ്ങളുണ്ടാകും. തങ്ങൾ - വളരെ ചെറുപ്പമാണ് അല്ലെങ്കിൽ പ്രായം കൂടുതലായി എന്നായിരിക്കാം കരുതുന്നത്.

തിരുവെഴുത്തിൽനിന്നും ആളുകളുമായുള്ള സമ്പർക്കത്തിൽനിന്നും - എനിക്ക് ഇതു പറയുവാൻ കഴിയും: ആരും **അടുത്തു** തന്നെ *ഇരിക്കുന്നില്ല*. എന്നെ കേൾക്കുക: ആരും അടുത്തു തന്നെ ഇരിക്കുന്നില്ല. രാജ്യത്തിനടുത്തു വന്നിരിക്കുന്ന ആൾ ഒന്നുകിൽ രാജ്യത്തിനകത്ത് പ്രവേശിക്കും അല്ലെങ്കിൽ പോകും. നൽകുന്ന ഓരോ അവസരത്തിലും അവൻ തന്റെ ഹൃദയത്തെ കഠിനപ്പെടുത്തിക്കൊണ്ടിരിക്കും. ഒരാൾ ഒരിക്കൽ രാജ്യത്തിൽനിന്ന് **അകന്നു** പോയാൽ, പിന്നീട് അയാൾക്ക് ഉണ്ടായിരുന്ന ആദ്യതാൽപര്യം ജ്വലിപ്പിക്കുവാൻ പ്രയാസമാണ്. രാജ്യത്തിനടുത്തുള്ള അവസ്ഥ ദൈവത്തോട്-ഉള്ള ദിശയിൽ സഞ്ചരിച്ച് രാജ്യത്തിൽ പ്രവേശിക്കുന്നില്ലെങ്കിൽ അത് അപകടകരമായ സ്ഥിതിയാകും!

കർത്താവിനോട് പ്രതികരണം ആഗ്രഹിക്കുന്നവർക്ക് ഞാൻ ഒരു ക്ഷണം നൽകാറുണ്ട് - അതോടൊപ്പം തെറ്റിപ്പോയ ക്രിസ്ത്യാനികൾ യഥാസ്ഥാനപ്പെടേണ്ടതിനും, മറ്റുപ്രാർത്ഥനാ വിഷയങ്ങളുള്ളവരും അതിൽ ഉൾപ്പെടും.[44] രാജ്യത്തിനടുത്ത് നിൽക്കുന്നവരോട് ഞാൻ പ്രത്യേകിച്ച് അപേക്ഷിക്കാറുണ്ട്. ആ സ്ഥിതിയിൽ നിങ്ങൾ അധിക സമയം ആയിരിക്കുകയില്ല എന്നോർക്കുക. പൗലൊസ് ഫേലിക്സിനോട് "നീതി, ഇന്ദ്രിയ-ജയം, വരുവാനുള്ള ന്യായവിധി" എന്നിവയെ കുറിച്ച് സംസാരിച്ചപ്പോൾ, "ഫേലിക്സ് ഭയപരവശനായി" (പ്രവൃത്തികൾ 24:25). ആദ്യം അവൻ രാജ്യത്തോട് അടുത്തുവന്നു, പിന്നെ അവൻ അകന്നു പോയി. അവൻ അപ്പൊസ്തലനോട് പറഞ്ഞു, "തൽക്കാലം പോകാം, അവസരം ഉള്ളപ്പോൾ നിന്നെ വിളിപ്പിക്കാം" (പ്രവൃത്തികൾ 24:25). പൗലൊസ് അഗ്രിപ്പാവിനോട് പ്രസംഗിച്ചപ്പോൾ, രാജാവ് അവനോട് പറഞ്ഞു, "ഞാൻ ക്രിസ്ത്യാനിയായി തീരുവാൻ നീ എന്നെ അല്പം കൊണ്ടു സമ്മതിപ്പിക്കുന്നു" (പ്രവൃത്തികൽ 26:28); എന്നാൽ അവന്റെ ഹൃദയത്തിൽ എന്തെങ്കിലും ചലനമുണ്ടായെങ്കിൽ, അതിന് അവൻ യാതൊന്നും ചെയ്തില്ല.

രാജ്യത്തിന് അടുത്തു വന്ന എല്ലാവരും ആ അവസ്ഥയിൽനിന്ന് **അകന്നു** പോകാതിരുന്നതുകൊണ്ട് ദൈവത്തെ സ്തുതിക്കുന്നു. രാജ്യത്തിന് **അടുത്ത്** ആയിരുന്നുവെങ്കിലും നഷ്ടപ്പെട്ട അവസ്ഥക്കു ഉദാഹരണമായി ഞാൻ മുൻപ് കൊർന്നെല്യോസിന്റെ കാര്യം പറഞ്ഞുവല്ലോ. പ്രവൃത്തികൾ 10:1-11:18 അവന്റെ പരിവർത്തനസംഭവം പറയുന്നുണ്ട്. അവൻ ക്രിസ്തുവിൽ വിശ്വസിച്ചപ്പോൾ (10:43) അവൻ സ്നാനമേറ്റു (10:48). ആഹ്ലാദിപ്പിക്കുന്ന മറ്റൊരു ഉദാഹരണമാണ് ഐത്യോപ്യയിലെ ഭണ്ഡാരവിചാരകനായ ഷണ്ഡന്റേത്. അവന്റെ സംഭവം പ്രവൃത്തികൾ 8:26-39 ൽ വിവരിച്ചിട്ടുണ്ട്. **അടുത്ത്** ഉള്ള അവസ്ഥയെ കുറിച്ച് നാം പറഞ്ഞ വാക്കുകളെല്ലാം അവനെ ബാധിക്കുന്നതാണ്: അവന് ഒരു ആത്മാർത്ഥ ഹൃദയം ഉണ്ടായിരുന്നു, അവൻ

നല്ല, ധാർമ്മികജീവിതം നയിച്ചവനായിരുന്നു എന്ന് നമുക്ക് ഊഹിക്കാം. പഠിക്കുവാൻ ആകാംക്ഷയുള്ളവനായിരുന്നു; തന്റെ ആത്മികാവശ്യങ്ങളെ കുറിച്ച് ബോധവാനുമായിരുന്നു. ഫലിപ്പൊസ് അവനെ പഠിപ്പിച്ച ശേഷം (വാക്യം 35), അവൻ ചോദിച്ചു, "നോക്കൂ, ഇതാ വെള്ളം! ഞാൻ സ്നാനം ഏല്ക്കുന്നതിന് എന്തു വിരോധം?" (വാക്യം 36). സുവിശേഷകൻ അവനോട്, "നീ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നുവെങ്കിൽ ആകാം എന്നു പറഞ്ഞു" (വാക്യം 37). ആ സമയത്ത് ആ ഉദ്യോഗസ്ഥന് ഒന്നുകിൽ മുമ്പോട്ട് അല്ലെങ്കിൽ പുറകോട്ട് പോകണമായിരുന്നു; അവിടെത്തന്നെ നിൽക്കുവാൻ കഴിയുമായിരുന്നില്ല. അവൻ തന്റെ ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റു പറയുകയും (വാക്യം 37), സ്നാനമേല്ക്കുകയും ചെയ്തു എന്നു സന്തോഷത്തോടെ പറയട്ടെ (വാക്യം 38). കൊർന്നെല്യോസും ഷണ്ഡനും തീരുമാനം എടുത്തപ്പോൾ, അവർ **രാജ്യത്തിൽ, സഭയിൽ, ശരീരത്തിൽ, ക്രിസ്തുവിൽ** ആകുകയും, **സകല ആത്മികാനുഗ്രഹങ്ങളും** ആസ്വദിക്കുവാനും അവർക്ക് കഴിഞ്ഞു.

രാജ്യത്തിനടുത്തായിരുന്ന ശാസ്ത്രിയോ? അവൻ യേശുവിനെ മശിഹ ആയി അംഗീകരിച്ചോ? പെന്തെകൊസ്തുനാളിൽ, അവൻ മാനസാന്തരപ്പെട്ടോ? അവൻ സ്നാനം ഏറ്റോ? എനിക്ക് അറിയില്ല, എന്നാൽ ഇവിടെ പ്രധാനപ്പെട്ട ഒരു ചോദ്യമുണ്ട്: *"നിങ്ങളോ?"* ഒരുപക്ഷെ നിങ്ങൾ രാജ്യത്തിന് അടുത്ത് ആയിരിക്കം. എങ്കിൽ, നിങ്ങൾ കർത്താവിനായി നിർണ്ണായക തീരുമാനം എടുത്ത്, ആ ഷണ്ഡനെ പോലെ, നിങ്ങൾക്ക് സന്തോഷത്തോടെ മടങ്ങി പോകുവാൻ കഴിയുകയില്ലേ? തീരുമാനം നിങ്ങളുടേതാണ്.

## പ്രസംഗക്കുറിപ്പുകൾ

പല ഉറവിടങ്ങളും പരിശോധിച്ചിട്ടുണ്ട്, എന്നാൽ ഈ അവതരണം അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് ജോ ലെയിഡ് ടൈറ്റലെഡിന്റെ "ആർ യു നിയർ ദ കിങ്ഡ്ഡം?" ഇൻ ദ ബുക്ക് ഓഫ്-ആസ്ക്ഡ് ക്വെസ്റ്റ്യൻസ് (ഓക്ക്ലഹോമാ സിറ്റി, ഓക്ല.: ജോ ഡബ്ലിയു. ലെയിഡ് ആന്റ് ഹോയ്റ്റ് ഹഫ്ഫിൻസ്, 1960), 173–87. ജോ ഒരു ബോർഡിൽ വരച്ച ചാർട്ട് ആണ് ഞാൻ ഉപയോഗിച്ചത്.

പ്രസംഗം പുരോഗമിക്കുന്നതനുസരിച്ച് വിവരങ്ങൾ ചേർക്കുവാനായി ഈ ചാർട്ട് ഒരു ഫ്ലാനൽഗ്രാഫ് ആയിട്ടാണ് ഞാൻ അവതരിപ്പിക്കുന്നത്. ചാർട്ട് ബ്ലാക്ക്ബോർഡിലോ, കാർഡ്ബോർഡിലോ വരക്കാം, ഓവർഹെഡ് പ്രസന്റേഷനായും അവതരിപ്പിക്കാം. അടുത്ത സമയത്ത് ഈ ചാർട്ട് പവർപോയിന്റ് പ്രസന്റേഷനായി അവതരിപ്പിച്ചിട്ടുണ്ട്. ചാർട്ടിൽ ഉപയോഗിച്ചിരിക്കുന്നത് എൻഏഎസ്ബിയിലെ വാക്കുകളാണ്. നിങ്ങൾ ഉപയോഗിക്കുന്ന വെർഷനിലെ വാക്കുകൾ നിങ്ങൾക്ക് ഉപയോഗിക്കാം.

ഇതിനെ ദൃശ്യവൽക്കരിക്കാവുന്ന മറ്റൊരു രീതി, പ്രസംഗപീഠത്തിനടുത്ത് തന്നെ "അകലെ," "അടുത്ത്," "അകത്ത്" എന്നിവ എഴുതി വെക്കാം. "അകത്ത്" എന്നത് പ്രാസംഗികന്റെ പുറകിൽ നേരെ വെക്കാം. "അടുത്ത്" എന്നത് പ്രസംഗപീഠത്തിന്റെ ഏതെങ്കിലും ഒരു വശത്ത് വെക്കാം, "അകലെ" എന്നത് അല്പം അകലെ മാറ്റി ഹാളിൽ വെക്കാം. പിന്നെ നിങ്ങൾ വിവിധ സ്ഥാനങ്ങൾ ചർച്ച ചെയ്യുമ്പോൾ, അവ ഓരോന്നും നിങ്ങൾക്ക് മുമ്പോട്ടും പുറകോട്ടും മാറ്റാം.

കുറിപ്പുകൾ

[1]"നീ ദൈവരാജ്യത്തിൽനിന്ന് അകന്നവനല്ല" എന്ന ചാർട്ട് ഈ അവതരണത്തിൽ ഉപയോഗിക്കാം. ഈ ചാർട്ട് ഉപയോഗിക്കുവാൻ സഹായിക്കുന്നവർ, പ്രസംഗത്തിന്റെ ഭാഗത്ത് വലിയ അക്ഷരം ഉപയോഗിച്ചിരിക്കുന്നത് പിന്നീട് *പുതിയ* വാക്കുകളും പദപ്രയോഗങ്ങളും ചേർക്കേണ്ടതിനാണ്, അതു എപ്പോഴാണ് ചെർക്കേണ്ടതെന്നും സൂചിപ്പിച്ചിരിക്കുന്നു. കുറിപ്പുകളില്ലാത്ത ഭാഗത്ത്, വലിയ അക്ഷരത്തിലുള്ള വാക്കുകൾ ചാർട്ടിലെ വാക്കുകൾ കാണിക്കുന്നു. പാഠം തുടങ്ങുമ്പോൾ തന്നെ തലവാചകം മുകളിൽ എഴുതിയിരിക്കും, അതോടൊപ്പം ചാർട്ടിന്റെ വലത്തുഭാഗത്ത് ചതുർകോണഭുജത്തിലുള്ള ബോർഡുമുണ്ട്. [2]ചോദ്യങ്ങളുടെ വലിയ ദിവസത്തെ കുറിച്ചുള്ള ചർച്ചക്ക്, *ക്രിസ്തുവിന്റെ ജീവിതം, 3 ലെ* "എന്തൊരു ദിവസം," എന്ന പാഠം നോക്കുക. നാം ചർച്ച ചെയ്ത പ്രത്യേക സംഭവത്തിന്റെ പശ്ചാത്തലത്തിന് അതേ പുസ്തകത്തിൽ തന്നെയുള്ള "വിജയി അപ്പോഴും ചാമ്പ്യൻ" എന്ന പാഠം നോക്കുക. [3]അവൻ തനിയെ മുതിർന്നതാകാം. [4]വില്യം ബാർക്ക്ലേ, *ദ ഗോസ്പെൽ ഓഫ് മാർക്ക്,* റെവ. എഡി., ദ ഡെയ്‌ലി ബൈബിൾ സ്റ്റഡി സീരീസ് (ഫിലദെൽഫിയ: വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1975), 296–97. [5]കെജെവി ഉപയോഗിച്ചിരിക്കുന്നത് പഴയ ഇംഗ്ലീഷ് വാക്ക്, "ഡഴ്സ്റ്റ്" ആണ്, അർത്ഥം, "ഡെയേർഡ്" (കെജെവി നോക്കുക). [6]ചതുഷ്ക്കോണഭുജത്തിന്റെ മുകളിലായി "രാജ്യം" എന്ന വാക്ക് വെക്കുക. [7]ചില ശിഷ്യന്മാർ ജീവിച്ചിരിക്കുമ്പോൾ ദൈവരാജ്യം ശക്തിയോടുകൂടെ വരും എന്നാണ് യേശു പറഞ്ഞത് (മർക്കൊസ് 9:1). പരിശുദ്ധാത്മാവ് വരുമ്പോൾ, ശക്തി വരുമെന്നും അവൻ പറഞ്ഞിരുന്നു (പ്രവൃത്തികൾ 1:8). ക്രിസ്തു മരിച്ച്, അടക്കപ്പെട്ട്, ഉയർത്തെഴുന്നേറ്റ ശേഷമുള്ള ആദ്യത്തെ പെന്തെകൊസ്തു നാളിൽ പരിശുദ്ധാത്മാവ് വന്നു (പ്രവൃത്തികൾ 2:1–4). അപ്പോൾ ശക്തി വരികയും രാജ്യം സ്ഥാപിതമാകയും ചെയ്തു. [8]ചാർട്ടിൽ സൂചിപ്പിച്ച സ്ഥാനത്ത് "അടുത്ത്" എന്ന വാക്ക് വെക്കുക. [9]ചാർട്ടിൽ "അകലെ" എന്ന വാക്ക് അടയാളപ്പെടുത്തുക. [10]ചതുഷ്ക്കോണഭുജത്തിൽ "**രാജ്യം**" എന്ന വാക്കിനോട് "ൽ" ചേർക്കുക.

[11]ഈ പ്രസംഗത്തിൽ കാണുവാനിരിക്കുന്നതുപോലെ, നാം സംസാരിക്കുന്നത് ക്രിസ്ത്യാനികളോട്, അഥവാ കർത്താവിന്റെ സഭയിലെ അംഗങ്ങളോടാണ്. [12]"രാജ്യം" എന്ന വാക്ക് പുതിയ നിയമത്തിൽ പല രീതികളിൽ ഉപയോഗിച്ചിട്ടുണ്ട് - സ്വർഗത്തിലെ ദൈവത്തിന്റെ ഭരണത്തിനോ അല്ലെങ്കിൽ സർവ്വ ഭൂമിയിന്മേലുമുള്ള ദൈവത്തിന്റെ അധികാരത്തെ സൂചിപ്പിച്ചും പറഞ്ഞിട്ടുണ്ട്. പെന്തെകൊസ്തിനു ശേഷം, ഒരു കൂട്ടം ആളുകളെ സഭ എന്നാണ് അതുകൊണ്ട് സൂചിപ്പിച്ചിരിക്കുന്നത്. [13]മത്തായി 16:13–20 നെ കുറിച്ചുള്ള ചുരുങ്ങിയ പരാമർശങ്ങൾക്ക് *ക്രിസ്തുവിന്റെ ജീവിതം, 2* ലെ "പർവ്വതശിഖരങ്ങളും താഴ്വരകളും" എന്ന പാഠം നോക്കുക. [14]സഭ കെട്ടിടമല്ല, ആളുകളാണ് എന്ന് മനസിലാക്കുക. അതു - യേശു ഉപയോഗിച്ച ഒരു സാമ്യം - അല്ലെങ്കിൽ ചിത്രീകരണമാണ്. [15]ഇതു യേശുക്രിസ്തു മരിച്ച്, അടക്കപ്പെട്ട്, ഉയിർത്തെഴുന്നേറ്റശേഷമുള്ള ആദ്യത്തെ പെന്തെകൊസ്തുനാളിൽ സംഭവിച്ചതാണ് (പ്രവൃത്തികൾ 2:14–40). [16]"രാജ്യത്തിൽ" എന്ന വാക്കിനടിയിൽ "സഭയിൽ" എന്ന വാക്ക് വെക്കുക. [17]"**സഭയിൽ**" എന്ന വാക്കിനടിയിൽ "**ശരീരത്തിൽ**" എന്ന വാക്ക് ചെർക്കുക. [18]"ശരീരത്തിൽ" എന്ന വാക്കിനടിയിൽ "ക്രിസ്തുവിൽ" എന്ന വാക്ക് ചേർക്കുക. [19]മറ്റു ഉദാഹരണങ്ങൾക്ക്, ഒരു കൺകോർഡൻസിൽ "ക്രിസ്തുവിൽ," "യേശുക്രിസ്തുവിൽ," ക്രിസ്തുവേശുവിൽ" എന്ന പ്രയോഗങ്ങൾ നോക്കുക. [20]ചാർട്ടിൽ "**സകല ആത്മികാനുഗ്രഹങ്ങളും**" എന്ന വാക്ക് ചേർക്കുക.

[21]ജോ ലെയിഡ്, *ഓഫ്-ആസ്ക്ക്ഡ് ക്വെസ്റ്റ്യൻസ്* (ഓക്ലഹോമ സിറ്റി: ജോ ഡബ്ലിയു. ലെയിഡ് ആന്റ് ഹോയിറ്റ് ഹഫിൻസ്, 1960), 176–77. [22]ചാർട്ടിൽ "**വീണ്ടെടുപ്പ്**" എന്ന

വാക്ക് ചേർക്കുക. [23]ചാർട്ടിൽ "**രക്ഷ**" എന്ന വാക്ക് ചേർക്കുക. [24]ചാർട്ടിൽ "ദൈവമക്കൾ" എന്ന വാക്ക് ചേർക്കുക. (കെജെവിയിലെ, ഈ പദപ്രയോഗം, നൽകുന്നതു ഒരേ അർത്ഥമാണെങ്കിലും, എൻഏഎസ്ബിയിലെ, "ദൈവപുത്രന്മാർ" എന്നതിനേക്കാൾ അധികം അടങ്ങിയിരിക്കുന്നു.) [25]ഈ പ്രസംഗത്തിലെ ആവർത്തനം മനപ്പൂർവ്വമാണ്. "ആവർത്തനം പഠിക്കുന്നതിനു മുഖ്യമാണ്." [26]ചതുഷ്ക്കോണഭുജത്തിന്റെ പുറത്തെ ഭാഗം ചൂണ്ടിക്കാണിക്കുക. [27]പൊതുവിൽ ചതുഷ്ക്കോണഭുജത്തിനുള്ളിലെ പോതുവായ ഭാഗവും "**ക്രിസ്തുവിൽ**" എന്ന ഭാഗവും ചൂണ്ടിക്കാണിക്കുക. [28]ശരിയായ വാക്കല്ല ഉപയോഗിച്ചിരിക്കുന്നതെങ്കിലും, "ദൈവമക്കൾ" എന്ന വാക്ക് ചൂണ്ടിക്കാണിക്കുക. [29]ചാർട്ടിൽ "**ദുരഭിമാനം**" എന്ന വാക്ക് ചേർക്കുക. ഈ വ്യത്യാസങ്ങൾ ഞാൻ പെട്ടെന്ന് പറഞ്ഞു തീർക്കും. നിങ്ങൾക്ക് വേണമെങ്കിൽ കൂടുതൽ സമയം അതിന് എടുക്കാം. ദുരഭിമാനവുമായി ബന്ധപ്പെട്ട ഒരു വേദഭാഗം (സത്യത്തെ സ്നേഹിക്കാത്തത്) 2 തെസലൊനിക്യർ 2:10 ആണ്. [30]ചാർട്ടിൽ "**ആത്മാർത്ഥ ഹൃദയം**" എന്ന വാക്ക് ചേർക്കുക. ആത്മാർത്ഥ ഹൃദയത്തെ കുറിച്ചുള്ള വേദഭാഗങ്ങൾ മത്തായി 5:6; യോഹന്നാൻ 7:17; പ്രവൃത്തികൾ 10:33; 1 ശമുവേൽ 3:9.

[31]ചാർട്ടിൽ "**ദുഷ്ടത**" എന്ന വാക്ക് ചേർക്കുക. [32]ചാർട്ടിൽ "**നല്ല, ധാർമ്മിക ജീവിതം**" എന്ന് ചേർക്കുക. [33]ചാർട്ടിൽ "**ഉപദേശക്കുറവ്**" എന്ന് ചേർക്കുക. [34]ചാർട്ടിൽ "**പഠിക്കുവാൻ ആകാംക്ഷ**" എന്ന് ചേർക്കുക. [35]ചാർട്ടിൽ "**സ്വയ-തൃപ്തി**" എന്ന് ചേർക്കുക. [36]ചാർട്ടിൽ "ആവശ്യങ്ങൾ അറിയൽ" എന്ന് ചേർക്കുക. ഒരാൾ സ്വയം-തൃപ്തിയടയുകയും വേറൊരാൾ ആവശ്യങ്ങൾ അറിയുകയും ചെയ്യുന്നു എന്ന് ലൂക്കൊസ് 18:9-14 പറയുന്നു. [37]ചാർട്ടിൽ "**പ്രവേശിക്കുവാൻ**" എന്ന വാക്ക് ചതുഷ്ക്കോണഭുജത്തിലെ "**രാജ്യം**" എന്ന വാക്കിലേക്ക് വിരൽ ചൂണ്ടി ചേർക്കുക. [38]"ശിശുക്കളെ പോലെ ആകുക" എന്നതിനെ കുറിച്ചു കൂടുതൽ അറിയുവാൻ, *ക്രിസ്തുവിന്റെ ജീവിതം, 2* ലെ "ശിഷ്യത്വത്തിന്റെ അടയാളങ്ങൾ" നോക്കുക. [39]ചാർട്ടിൽ "പരിവർത്തനം" എന്ന വാക്ക് ചേർക്കുക. [40]ചാർട്ടിൽ "**സ്നാനം**" എന്ന വാക്ക് ചേർക്കുക.

[41]"വെള്ളത്താൽ ജനിക്കുക" എന്നാൽ സ്നാനമാണെന്നതു കൂടുതൽ മനസിലാക്കുവാൻ, *ക്രിസ്തുവിന്റെ ജീവിതം, 1* ലെ "എല്ലാറ്റിനും ഒരു ആരംഭസമയമുണ്ട്" എന്ന പാഠം നോക്കുക. [42]മഗത്തായ ആജ്ഞയിലെ സ്നാനമാണ് 1കൊരിന്ത്യർ 12:13 ലെ സ്നാനം, അതു തന്നെയാണ് എഫെസ്യർ 4:5 ലെ ഏക സ്നാനം എന്ന ജലസ്നാനം. നാം വചന പ്രകാരം സ്നാനം ഏല്ക്കുന്നതു ഏകശരീരമായ സഭയോടു ചേരുവാനാണ് എന്ന് ആത്മാവിനാൽ (ദൈവശ്വാസിയ വചനത്താൽ) നമ്മോട് പറഞ്ഞിരിക്കുന്നു. [43]ചാർട്ടിൽ "**ആക്കിവെച്ചിരിക്കുന്നു**" എന്ന് ചേർക്കുക. [44]നിങ്ങളുടെ സദസിന് യോജിക്കുന്ന വിധത്തിൽ ഇതിനെ വിപുലപ്പെടുത്തുക.

## “നീ ദൈവരാജ്യത്തിൽനിന്നും അകലെ അല്ല”

**പ്രവേശിക്കുവാൻ –** ⇨

പരിവർത്തനം
സ്നാനം
ആക്കിവെക്കൽ

**രാജ്യത്തിൽ**
സഭയിൽ
ശരീരത്തിൽ
ക്രിസ്തുവിൽ
**സകല ആത്മീകാനുഗ്രഹവും**
വീണ്ടെടുപ്പ്
രക്ഷ
ദൈവമക്കൾ

**അകലെ**
ദുരഭിമാനം
ദുഷ്ടത
ഉപദേശക്കുറവ്
സ്വയ-തൃപ്തി

**അടുത്ത്**
ആത്മാർത്ഥ ഹൃദയം
നല്ല, ധാർമ്മിക ജീവിതം
പഠിക്കുവാനുള്ള ആകാംക്ഷ
ആവശ്യങ്ങളെ കുറിച്ച് അറിവ്